# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2023 ഫെബ്രുവരി 2, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

പോലീസ് അന്വേഷണം അട്ടിമറിക്കാൻ നീക്കം

മി. സ്പീക്കർ: കരുനാഗപ്പള്ളിയിൽ നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടിയ സംഭവത്തിൽ കുറ്റാരോപിതരായ വ്യക്തികളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി പോലീസ് അന്വേഷണം അട്ടിമറിക്കപ്പെടുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച്

നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): അടിയന്തരപ്രമേയ നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. പ്രതികളുടെ രാഷ്ട്രീയബന്ധമോ മറ്റ് സ്വാധീനമോ പരിഗണിച്ച് കേസുകളിൽ പ്രതിസ്ഥാനത്ത് ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യുന്ന നിലപാട് സർക്കാരിനില്ല. ലഹരി ഉപയോഗം സൃഷ്ടിക്കുന്ന സാമൂഹിക പ്രത്യാഘാതങ്ങളെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ലഹരി ഉപയോഗം കുറവാണെങ്കിലും ലഹരിക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. ജനപങ്കാളിത്തത്തോടെ ലഹരിവിരുദ്ധ കാമ്പയിനിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ നടപ്പാക്കി എൻഫോഴ്സ്മെന്റ് നടപടി ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലും മയക്കുമരുന്ന് പിടിച്ചെടുക്കുന്നതിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ആലപ്പുഴ നഗരസഭാംഗവും സി.പി.ഐ.(എം) പ്രവർത്തകനുമായ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ലോറി വാടകയ്ക്കെടുത്ത് പുകയില ഉല്പന്നങ്ങൾ കടത്തിക്കൊണ്ടുവരാൻ ശ്രമിച്ചത് സംബന്ധിച്ച് അന്വേഷണം

നടന്നുകൊണ്ടിരിക്കുകയാണ്. ലോറി ഉടമയ്ക്ക് ഈ സംഭവത്തിൽ പങ്കുണ്ടെന്ന് കണ്ടെത്തിയാൽ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതാണ്. നിരോധിതവസ്തുക്കൾ പിടിച്ചെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട പ്രതികളെ താമസംവിനാ പിടികൂടാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സങ്കുചിതരാഷ്ട്രീയലാഭം മുൻനിർത്തി ഇത്തരം കാര്യങ്ങളിൽ ഭരണ-പ്രതിപക്ഷ ഐക്യം തകർക്കുന്ന നിർഭാഗ്യകരമായ നിലപാട് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: കരുനാഗപ്പള്ളിയിൽ ഒരു കോടിയിലേറെ രൂപയുടെ നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടിച്ച സംഭവത്തിൽ കുറ്റാരോപിതരായ വ്യക്തികളെ രക്ഷപ്പെടുത്താൻ പോലീസ് അന്വേഷണം അട്ടിമറിക്കുകയാണ്. സ്കൂൾ കുട്ടികളെ ഉദ്ദേശിച്ചാണ് പുകയില ഉൽപ്പന്നങ്ങൾ കൊണ്ടുവന്നതെന്ന് എഫ്.ഐ.ആർ.-ൽ പറയുന്നുണ്ട്. കേരളത്തെ കാർന്നുതിന്നുന്ന അവസ്ഥയിലേയ്ക്ക് മയക്കുമരുന്ന് കച്ചവടം നടക്കുകയാണ്. നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടത്തിയ ലോറി ഉടമയ്ക്കെതിരെ കേസ്സെടുക്കാൻ തയ്യാറാകാതെ ന്യായീകരിക്കാനാണ് സർക്കാർ

ശ്രമിക്കുന്നത്. മയക്കുമരുന്ന് കേസ്സുകളിൽ പ്രതികളാകുന്നവർക്ക് ആനുകൂല്യവും സംരക്ഷണവും നൽകുന്നതുകൊണ്ടാണ് ലഹരിക്കടത്ത് നിയന്ത്രിക്കാൻ സാധിക്കാതെ വരുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): റൂൾ 50 പ്രകാരമുള്ള നോട്ടീസിൽ ഒതുങ്ങിനിന്നുകൊണ്ടല്ല പ്രമേയാവതാരകൻ സംസാരിച്ചത്. കാര്യക്ഷമവും ഇച്ഛാശക്തിയോടെയും നിശ്ചയദാർഢ്യത്തോടെയുമുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് 2017 മുതൽ ക്രമാനുഗതമായി കൺവിക്ഷൻ റേറ്റ് വർദ്ധിപ്പിക്കാൻ കഴിഞ്ഞത്. കരുനാഗപ്പള്ളി കേസിൽ ലോറി ഉടമസ്ഥനെതിരെ തെളിവുകളൊന്നും കണ്ടെത്തിയിട്ടില്ലാത്തതിനാലാണ് അറസ്റ്റ് ചെയ്യാത്തത്. ഒരു വാഹനം വാടകയ്ക്കെടുത്ത് നിയമവിരുദ്ധമായി പുകയില ഉല്പന്നങ്ങൾ കടത്തുന്നതിന് ഉപയോഗിച്ചാൽ ആർ.സി. ഉടമയ്ക്കെതിരെ ആ കാരണംകൊണ്ടുമാത്രം നടപടി സ്വീകരിക്കാൻ കഴിയില്ല. മയക്കുമരുന്ന് വിപത്തിനെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ ശക്തമായി നേരിടേണ്ടതാണ്. കേരളം ഒറ്റക്കെട്ടായി ഏറ്റെടുത്തിട്ടുള്ളതും സർക്കാരും ജനങ്ങളും ചേർന്ന് നടത്തുന്നതുമായ ലഹരിവിരുദ്ധ പോരാട്ടത്തെ ഭിന്നിപ്പിക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ

വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) പുഴുക്കലരി വിഹിതം അനുവദിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി: റേഷൻ കടകളിലൂടെ ലഭ്യമായിരുന്ന പുഴുക്കലരിക്ക് പകരം പച്ചരി അനുവദിച്ചതിനെതിരെ സംസ്ഥാന സർക്കാർ പ്രതിഷേധം അറിയിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച സമീപനമെന്താണെന്നും സമ്പുഷ്ടീകരിച്ച പുഴുക്കലരി എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്നതിനുള്ള സമ്മർദ്ദതന്ത്രത്തിന്റെ ഭാഗമായാണോ സംസ്ഥാനത്തിന് കൂടുതൽ പച്ചരി അനുവദിക്കുന്നതിനുള്ള സമീപനം കേന്ദ്രഗവൺമെന്റ് സ്വീകരിച്ചതെന്നും റേഷൻ കടകളിലൂടെ സമ്പുഷ്ടീകരിച്ച അരി വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം

നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): റേഷൻ വിതരണത്തിനായി എഫ്.സി.ഐ.-യിൽ നിന്നും ലഭ്യമായിരുന്ന പച്ചരിയുടെ അളവ് മുൻകാലങ്ങളിൽ വളരെ കുറവായിരുന്നെങ്കിലും കഴിഞ്ഞ മൂന്നുമാസക്കാലമായി അനുവദിക്കുന്ന പച്ചരിയുടെ അളവ് 80 ശതമാനം വരെയായ സാഹചര്യത്തിൽ വിഷയം കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയുടെയും എഫ്.സി.ഐ. അധികാരികളുടെയും ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാനത്തിന്റെ ആകെ അലോട്ട്മെന്റിന്റെ 50 ശതമാനം പുഴുക്കലരി നൽകാൻ കേന്ദ്രസർക്കാർ നിർദ്ദേശം നൽകുകയും ചെയ്ത സാഹചര്യത്തിൽ ഈ മാസം മുതൽ ആവശ്യത്തിന് പുഴുക്കലരി വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സമ്പുഷ്ടീകരിച്ച അരി റേഷൻ കടകളിലൂടെ വിതരണം നടത്തണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സമ്പുഷ്ടീകരിച്ച പുഴുക്കലരി എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദതന്ത്രത്തിന്റെ ഭാഗമായിട്ടാണ് പച്ചരിയുടെ അനുപാതം വർദ്ധിപ്പിച്ചത്.

(2) വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. ടി. സിദ്ദിഖ്: വയനാട് ചുരത്തിലെ ഗതാഗതക്കുരുക്ക്

ഒഴിവാക്കുന്നതിന് ചുരത്തിന്റെ വീതി കൂട്ടുവാനും ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ ബൈപ്പാസിന്റെയും പടിഞ്ഞാറത്തറ-പൂഴിത്തോട് ചുരം ബൈപ്പാസ് റോഡിന്റെയും സാധ്യത പരിശോധിക്കാനും ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി ടണൽ റോഡിന്റെ നിർമ്മാണപ്രവർത്തനം വേഗത്തിലാക്കി വയനാടിലേയ്ക്കുള്ള കണക്ടിവിറ്റി മെച്ചപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): നോർവീജിയൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാതയ്ക്കായുള്ള ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്. ഇതിലൂടെ താമരശ്ശേരി ചുരമുൾപ്പെടുന്ന റോഡിന്റെ വികസനം സാധ്യമാക്കാനാണ് ശ്രമിക്കുന്നത്. കോഴിക്കോട് മലാപറമ്പ് മുതൽ മുത്തങ്ങ വരെയുള്ള റോഡുവികസനത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള ചുരമുൾപ്പെടുന്ന മേഖലയുടെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. വനഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തി റോഡുവികസനം സാധ്യമാക്കുന്നതിന് MoRTH-ലെ

ഉദ്യോഗസ്ഥരുമായി ചർച്ച നടത്താൻ പൊതുമരാമത്ത് വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പർവ്വത്മാല പദ്ധതിയിലുൾപ്പെടുത്തി അടിവാരം-ലക്കിടി റോപ്‌വേ നിർമ്മിക്കാനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയുടെ വികസന പ്രവർത്തനത്തിൽ കാര്യക്ഷമമായി ഇടപെടൽ നടത്തുന്നുണ്ട്. ചുരം ബൈപ്പാസിന്റെ സാധ്യതാപഠനം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## III. സബ്മിഷൻ

### (1) എസ്.സി. വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): 2020-21 അക്കാദമിക് വർഷം മുതൽ ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഇതര സംസ്ഥാനങ്ങളിൽ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ്/ റിസർവേഷൻ മുഖേന പ്രവേശനം നേടിയതും കുടുംബ വാർഷിക വരുമാനം

രണ്ടരലക്ഷം രൂപവരെയുള്ളവരുമായ കുട്ടികൾക്ക് നിലവിൽ കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നൽകാത്ത സാഹചര്യത്തിൽ സർക്കാർ പ്രത്യേക തുക വകയിരുത്തി സ്കോളർഷിപ്പ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 വർഷംവരെ ഈയിനത്തിൽ പട്ടികജാതി വികസന വകുപ്പ് ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി അനുവദിച്ചിരുന്ന തുക നിലവിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നേരിട്ട കാലതാമസം പരിഹരിച്ച് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നടപ്പുസാമ്പത്തിക വർഷം സ്കോളർഷിപ്പ് വിതരണത്തിനായി സിംഗിൾ നോഡൽ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ച പത്ത് കോടി രൂപയിൽനിന്നും 2021-22 വരെയുള്ള സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും പുതുതലമുറ കോഴ്സുകൾക്ക് പഠിക്കാൻ അവസരം നിഷേധിക്കുന്ന വിധത്തിൽ മുൻകാലങ്ങളിൽ ഇറക്കിയ ഉത്തരവുകളിലെ അപാകതകൾ പരിഹരിച്ച് 05-01-2023-ൽ പുതിയ ഉത്തരവിറക്കുകയും നിലവിൽ കുട്ടികൾക്ക് പുതുതലമുറ കോഴ്സുകൾക്ക് അഡ്മിഷൻ ലഭ്യമാക്കാനും അവർക്ക് ആനുകൂല്യം നൽകാനുമുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

(2) <u>ബോർസ്റ്റൽ സ്കൂളിന്റെ പരാധീനതകൾ</u>

<u>ശ്രീമതി ഉമ തോമസ്</u>: തൃക്കാക്കര മണ്ഡലത്തിലെ ബോർസ്റ്റൽ സ്കൂളിന്റെ പരാധീനതകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): കുറ്റകൃത്യങ്ങളിൽപ്പെട്ടുപോയ കൗമാരക്കാരെ പാർപ്പിക്കുന്ന ബോർസ്റ്റൽ സ്കൂളിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടവും അനുബന്ധ സൗകര്യവുമൊരുക്കുന്നതിനായി 3.3 കോടി രൂപയുടെ ഭരണാനുമതി നൽകുകയും കമ്പ്യൂട്ടർ, ലാബ്, സ്മാർട്ട് ക്ലാസ്റൂം, പബ്ലിക് അഡ്രസ്സിംഗ് സംവിധാനം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക പരാധീനതയുള്ളവർക്ക് സൗജന്യ നിയമസഹായവും വിദഗ്ദ്ധരായ അധ്യാപകരുടെ സേവനവും ലൈബ്രറി സൗകര്യവും ഒരുക്കിയിട്ടുണ്ട്. കായിക വിനോദോപാധികൾ ലഭ്യമാക്കുന്നതോടൊപ്പം പുനരധിവാസം ലക്ഷ്യമിട്ട് തൊഴിൽ പരിശീലനവും നൽകിവരുന്നു. അന്തേവാസികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുകയും സുരക്ഷാസംവിധാനങ്ങൾ ഒരുക്കുകയും ബന്ധുക്കളും അഭിഭാഷകരുമായും ബന്ധപ്പെടുന്നതിന് വീഡിയോകോൾ സംവിധാനം ഏർപ്പെടുത്തുകയും

കുറ്റവാസനയിൽനിന്നും മോചിപ്പിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനുള്ള തെറ്റ് തിരുത്തൽ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പോസ്റ്റ് ക്രിയേഷനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(3) പതിച്ചുനൽകിയ പട്ടയഭൂമിയിലെ പ്രശ്നങ്ങൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കൊല്ലം ജില്ലയിലെ കടയ്ക്കൽ വില്ലേജിലും പിറവന്തൂർ വില്ലേജിലും പതിച്ചുനൽകിയ പട്ടയ ഭൂമിക്ക് കൈമാറ്റ രേഖയും ഉടമസ്ഥാവകാശവും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പത്തനാപുരം താലൂക്കിലെ പിറവന്തൂർ വില്ലേജിലെ വിവിധ പ്രദേശങ്ങൾ 1960-ലെ ഭൂപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ റബ്ബർ കർഷകർക്ക് പതിച്ചു നൽകുകയും പട്ടയം ലഭിച്ച ആളുകൾ തദ്ദേശവാസികൾക്ക് ഭൂമി കൈമാറ്റം ചെയ്യുകയും ചെയ്തു. പതിച്ചു കിട്ടിയ ഭൂമി അനന്തരവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറ്റം ചെയ്യാൻ സാധിക്കില്ല. കൈമാറ്റം സിദ്ധിച്ചയാളുടെ പേരുചേർത്ത് കരം സ്വീകരിക്കാറുണ്ടെങ്കിലും പ്രസ്തുത രസീതുകൊണ്ട് സ്ഥലത്തിന്റെ ഉടമസ്ഥാവാകാശം ലഭിക്കില്ല. ദീർഘകാലമായി

കൈവശമനുഭവിച്ചുവരുന്ന തദ്ദേശവാസികൾക്ക് വസ്തുവിന്റെ ഉടമസ്ഥാവകാശം നൽകണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. നിയമത്തിൽ ഇതുസംബന്ധിച്ച് ഭേദഗതി കൊണ്ടുവരുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-1-2023-ൽ ഉന്നതതലയോഗം ചേർന്ന് നിയമഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിയമഭേദഗതികളിലൂടെ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) കടലാക്രമണ ഭീഷണി

ശ്രീ. രമേശ് ചെന്നിത്തല: ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ കടലാക്രമണ ഭീഷണി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആറാട്ടുപുഴ പഞ്ചായത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെ.ഐ.ഡി.സി. മുഖേന 80.815 കോടി രൂപ ചെലവഴിച്ച് പതിയങ്കരയിൽ 1.5 കി.മീ. നീളത്തിൽ 13 പുലിമുട്ടുകളുടെയും ആറാട്ടുപുഴയിൽ 1.20 കി.മീ. നീളത്തിൽ 21 പുലിമുട്ടുകളുടെയും വട്ടച്ചാലിൽ 1.70 കി.മീ. നീളത്തിൽ 16 പുലിമുട്ടുകളുടെയും നിർമ്മാണം പുരോഗമിക്കുന്നുണ്ട്. വട്ടച്ചാലിലെ ചെയിനേജ് പുലിമുട്ട് നിർമ്മാണ പദ്ധതിക്ക് 6.845 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക

സഹായം അനുവദിച്ചിട്ടുണ്ട്. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരസംരക്ഷണത്തിന് വേൾഡ് ബാങ്ക് സഹായത്തോടെ 128.80 കോടി രൂപയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ആകസ്മികമായുണ്ടാകുന്ന കടലാക്രമണങ്ങൾ തടയുന്നതിന് താൽക്കാലിക സംരക്ഷണഭിത്തി നിർമ്മിക്കാൻ 78.85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതി നൽകുന്നതാണ്.

(5) <u>മത്സ്യ-പച്ചക്കറി മാർക്കറ്റുകളുടെ നവീകരണം</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പാലക്കാട് നഗരസഭയ്ക്ക് കീഴിലുള്ള മത്സ്യ-പച്ചക്കറി മാർക്കറ്റുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പാലക്കാട് നഗരസഭയിലെ പച്ചക്കറി - മത്സ്യമാർക്കറ്റുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ദിനംപ്രതി നാല് ടണ്ണോളം മാലിന്യം ഇവിടെ നിന്നും സൃഷ്ടിക്കപ്പെടുന്നുണ്ട്. മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഒരു ഭാഗം കാലപ്പഴക്കംമൂലം ശോചനീയമായി തീർന്നതിനാൽ പൊളിച്ചുമാറ്റാൻ

തീരുമാനിച്ചിട്ടുണ്ട്. പച്ചക്കറി മാർക്കറ്റിന്റെ നവീകരണത്തിനായി രണ്ടര കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിനാവശ്യമായ തുക കണ്ടെത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി

ഡോ. മാത്യു കുഴൽനാടൻ: മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയിലെ മാറാടി ബ്രാഞ്ച് കനാൽ സ്ഥിരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മാറാടി ബ്രാഞ്ച് കനാലിന്റെ തകർച്ച നിമിത്തമുണ്ടായ പ്രതിസന്ധി ഫലപ്രദമായ ഇടപെടലിലൂടെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 30 വർഷത്തിലേറെ പഴക്കമുള്ള പ്രസ്തുത കനാലിലൂടെ ജലം ഒഴുകിപോകുമ്പോൾ ഉണ്ടാകുന്ന തടസ്സങ്ങളും മെയിന്റനൻസിൽ വന്നിരിക്കുന്ന കുറവുകളും നിമിത്തം പൂർണ്ണമായും ജലസേചനത്തിന് ഉപകരിക്കുന്നതിന് സാധിക്കാതെ വരുന്നുണ്ട്. വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ രീതിയിൽ പരിഹാരമുണ്ടാക്കുന്നതിനായി 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (7) ചെറുശ്ശേരി സ്മാരകം

ശ്രീ. കെ. വി. സുമേഷ്: കണ്ണൂരിലെ ചിറക്കലിൽ ചെറുശ്ശേരി സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മഹാകവി ചെറുശ്ശേരിയുടെ സ്മരണയ്ക്കായി കണ്ണൂർ ആസ്ഥാനമായി സാംസ്കാരിക കേന്ദ്രം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിനൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും രണ്ട് വില്ലേജുകളിലായി 55 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സാംസ്കാരിക കേന്ദ്ര നിർമ്മാണം കേരള സാഹിത്യ അക്കാദമി മുഖേന നിർവ്വഹിക്കാനും കണ്ടെത്തിയ ഭൂമി കേരള ഫോക്‌ലോർ അക്കാദമി ആസ്ഥാനത്തിന് സമീപത്തായതിനാൽ തുടർപ്രവർത്തനങ്ങളിൽ ഫോക്‌ലോർ അക്കാദമിയുടെ സഹകരണം ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ പരിശോധനയ്ക്കുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) വാണിയമ്പലം റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. എ. പി. അനിൽകുമാർ: വാണിയമ്പലത്ത് റെയിൽവേ ഓവർബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വാണിയമ്പലത്ത് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ആർ.ബി.ഡി.സി.കെ.-യ്ക്ക് അനുവദിക്കുന്നതിന് തീരുമാനമാകുകയും ആർ.ബി.ഡി.സി.കെ.-യുമായി ഇന്നലെ ചേർന്ന യോഗത്തിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ വേഗത്തിലാക്കുന്നതാണ്.

(9) താനാളൂർ-പുത്തനത്താണി, മങ്ങാട്ടിരി-പൂകൈത-പുല്ലൂണി റോഡുകളുടെ പൂർത്തീകരണം

ശ്രീ. കുറുക്കോളി മൊയ്തീൻ: തിരൂർ മണ്ഡലത്തിലെ താനാളൂർ-പുത്തനത്താണി, മങ്ങാട്ടിരി-പൂകൈത-പുല്ലൂണി റോഡുകളുടെ പൂർത്തീകരണത്തിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): താനാളൂർ-പുത്തനത്താണി റോഡിലെ ബംഗ്ലാംകുന്ന് മുതൽ പുത്തനത്താണി വരെയുള്ള ഭാഗം ബി.എം.&ബി.സി. നിലവാരത്തിൽ

ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള തടസ്സങ്ങൾ നീക്കിയും ഭരണാനുമതി ലഭ്യമാക്കിയും പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്. മങ്ങാട്ടിരി-പൂകൈത-പുല്ലൂണി റോഡിലെ ഡ്രെയിനേജ്, കൾവർട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുകയും റോഡിന്റെ നിലവിലെ ശോചനീയാവസ്ഥയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഉപയോഗിച്ച് റോഡിന്റെ നിർമ്മാണം നടത്താനാകാത്തതിനാൽ എം.എസ്.എസ്. (Mixed Seal Surfacing) രീതിയിൽ ടാറിംഗ് പൂർത്തീകരിക്കാൻ സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരികയുമാണ്. ഭാവിയിലെ റോഡുകൾ എങ്ങനെ വേണമെന്ന് തീരുമാനിക്കുന്നതിനായി ഡിസൈൻ പോളിസി വർക്ക്ഷോപ്പ് നടത്തുകയും വാട്ടർ അതോറിറ്റി പൈപ്പ് ഉൾപ്പെടെ സ്ഥാപിക്കാൻ റോഡുകളുടെ വശങ്ങളിൽ ഡക്ടുകൾ സ്ഥാപിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള റോഡുകളിൽ ഇത്തരം പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മേൽ റോഡുകളുടെ പൂർത്തീകരണത്തിനായി പി.ഡബ്ല്യു.ഡി.-യുടെ ഭാഗത്തുനിന്നും അനുകൂല ഇടപെടൽ നടത്തുന്നതാണ്.

(10) കുറ്റ്യാടി താലൂക്കാശുപത്രിയിലെ ഒഴിവുകൾ നികത്തൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥിരനിയമനം നടത്തി പൊതുജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രസ്തുത ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി കണക്കിലെടുത്ത് ഇറിഗേഷൻ വകുപ്പിൽനിന്ന് ലഭിച്ച 50 സെന്റിൽ നബാർഡിന്റെ സഹായത്തോടെ ആറ് നിലകളിലുള്ള പുതിയ കെട്ടിടം നിർമ്മിക്കാൻ 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായാലുടൻതന്നെ നിർമ്മാണം ആരംഭിക്കാനാകുന്നതാണ്. ആരോഗ്യ കേരളം വഴി 66 ലക്ഷം രൂപയുടെ ഒ.പി. ട്രാൻസ്ഫോർമേഷൻ വർക്കും എം.എൽ.എ./പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഡോക്ടർമാർക്കും ജീവനക്കാർക്കും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളും നടത്തിവരികയാണ്. സ്പെഷ്യാലിറ്റി ഡോക്ടർമാരുടേതുൾപ്പെടെ 93 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളും വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി 78 താൽക്കാലിക ജീവനക്കാരും ഈ ആശുപത്രിയിൽ നിലവിലുണ്ട്.

ഒഴിവുള്ള സ്ഥിരം തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വിവിധ സ്കീമുകളിലുൾപ്പെടുത്തി 11-ഓളം നഴ്സിംഗ് ജീവനക്കാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ ബ്ലോക്ക് പ്രവർത്തന സജ്ജമാകുമ്പോൾ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

2022-ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് മേശപ്പുറത്തുവച്ചു.

ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റ് ജനോപകാര പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ ജനദ്രോഹപരമായ നടപടികളാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നാടിന്റെ വികസനം മുരടിപ്പിക്കുന്നതും ദാരിദ്ര്യം വർദ്ധിപ്പിക്കുന്നതുമായ സമീപനമാണ് ബഡ്ജറ്റിലൂടെ കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഭക്ഷ്യ സബ്സിഡി, ഗ്രാമ വികസന ഫണ്ട്, കർഷക പെൻഷൻ, മദ്രസ ഗ്രാന്റ്, വളം സബ്സിഡി, വിള

ഇൻഷ്വറൻസിനുള്ള ഫണ്ട്, തൊഴിലുറപ്പ് പദ്ധതിക്കുള്ള ഫണ്ട് ഇവയെല്ലാം വെട്ടിക്കുറച്ചിരിക്കുകയാണ്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് സംബന്ധിച്ച് യാതൊരു തീരുമാനവും കേന്ദ്ര ബഡ്ജറ്റിലില്ലാത്തത് ഖേദകരമാണ്. നികുതി ഘടനയിൽ വന്ന മാറ്റം സമ്പന്നർക്ക് ഉപകാരപ്രദമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. സാധാരണക്കാർക്ക് നൽകുന്ന എല്ലാ സർവ്വീസുകളും നിലനിർത്തിക്കൊണ്ടുള്ള വികസനമാണ് നയപ്രഖ്യാപനത്തിലൂടെ സംസ്ഥാന സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. പൊതുവിപണിയിൽ ഇടപെടുന്നതിനായി ഒരു ലക്ഷം കോടി രൂപ നീക്കിവച്ചതും 'കാസ്പ്' ചികിത്സാ പദ്ധതി ഏർപ്പെടുത്തിയതും സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. ആരോഗ്യ രംഗത്ത് നിരവധി ദേശീയ പുരസ്കാരങ്ങൾ നേടാനായതും രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തിന് മാറാൻ സാധിച്ചതും സർക്കാരിന്റെ പ്രവർത്തന മികവുകൊണ്ടാണ്.

<u>ശ്രീ. ടി. സിദ്ദിഖ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കാർഷികമേഖലയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ യാതൊന്നും പ്രതിപാദിച്ചിട്ടില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കർഷക കടാശ്വാസ കമ്മീഷന്റെ അവാർഡുതുക നൽകുന്നതിനും കാർഷിക മേഖലയിലെ

പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ബാലചന്ദ്രൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധവും സംസ്ഥാന താല്പര്യങ്ങളെ ഹനിക്കുന്നതുമായ ബഡ്ജറ്റിനെ വിമർശിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. കോവിഡും പ്രളയവും മറ്റ് ദുരിതങ്ങളും പിടിപെട്ട കേരളത്തെ വീണ്ടും 5 വർഷക്കാലത്തേയ്ക്ക് സുരക്ഷിതമായ പാതയിലൂടെ കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് ആർജ്ജവമുണ്ട്. അവശ ജനവിഭാഗങ്ങൾക്ക് നൽകുന്ന പെൻഷൻ നിർത്തലാക്കില്ലെന്നും തൊഴിലുറപ്പ് ദിനങ്ങൾ വെട്ടിക്കുറക്കില്ലെന്നും പൊതുവിദ്യാഭ്യാസരംഗം സംരക്ഷിക്കുമെന്നും കാർഷിക-വ്യവസായ മേഖലകളെ സമുദ്ധരിച്ച് മുന്നോട്ടുകൊണ്ടുപോകുമെന്നു-മുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്.

<u>ശ്രീ. നജീബ് കാന്തപുരം:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നയിക്കപ്പെടുന്ന സംസ്ഥാന പോലീസ് സേനയെന്ന ഖ്യാതി കേരള പോലീസിനുണ്ടെന്ന പ്രഖ്യാപനം വസ്തുതാവിരുദ്ധമാണ്. സമാധാനപരമായി സമരം ചെയ്യുന്നവരെ അടിച്ചമർത്തുകയും കൊടുംകുറ്റവാളികളെ സംരക്ഷിക്കുകയും ചെയ്യുന്ന പോലീസ് നിലപാട് അവസാനിപ്പിക്കണം. ന്യൂനപക്ഷക്ഷേമത്തിനായുള്ള

ബഡ്ജറ്റ് വിഹിതം വർഷംതോറും വെട്ടിക്കുറയ്ക്കുന്ന നടപടിയിൽനിന്നും സർക്കാർ പിൻമാറുന്നതോടൊപ്പം ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന വിവിധ സ്കോളർഷിപ്പുകൾ പുന:സ്ഥാപിക്കുകയും മയക്കുമരുന്നിനെതിരെയുള്ള പോരാട്ടം ഊർജ്ജിതപ്പെടുത്തുകയും ക്യാമ്പസുകളിലെ മയക്കുമരുന്ന് വാഹകരെ കണ്ടെത്തുകയും വേണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവൺമെന്റ് നയവും കേന്ദ്രഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളോടുള്ള പ്രതിഷേധവും നയപ്രഖ്യാപനത്തിലൂടെ ശക്തമായി അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചതുൾപ്പെടെ ബഡ്ജറ്റിൽ തുക പരിമിതപ്പെടുത്തിയ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രതികൂലമായ കേന്ദ്രഗവൺമെന്റ് നയങ്ങളും നിലനിൽക്കുമ്പോഴും സംസ്ഥാനത്ത് സമസ്തമേഖലകളിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിക്കുന്നുണ്ട്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ, മെഡിസെപ്, കെ-ഫോൺ പദ്ധതി, കേരള നോളജ് ഇക്കോണമി മിഷൻ, ജൽജീവൻ മിഷൻ തുടങ്ങി ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചതും ശബരി റെയിലിന് പദ്ധതി തുകയുടെ 50%

സംസ്ഥാനം വഹിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. 60 ലക്ഷത്തിലധികം പേർക്ക് തടസ്സമില്ലാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാൻ സർക്കാരിന് സാധിക്കുന്നുണ്ട്. ജനവാസ മേഖലകളെ ബഫർ സോണിൽനിന്നും ഒഴിവാക്കണമെന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചത്. വന്യജീവി ആക്രമണം തടയുന്നതിന് 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യാനും നിയന്ത്രിത വന്യമൃഗ വേട്ട, കള്ളിംഗ്, വനമേഖലയ്ക്ക് പുറത്തേയ്ക്കുവരുന്ന വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വ്യക്തമായ നയമില്ലാത്ത ഒരു നയപ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്. സിൽവർ ലൈൻ പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം ജനങ്ങളോടുള്ള വെല്ലുവിളിയാണ്. സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി വിജ്ഞാപനം ചെയ്ത ഭൂമിയിൽ ക്രയവിക്രയങ്ങൾ നടത്താൻ സാധിക്കാതെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. കാർഷിക മേഖലയെ സംരക്ഷിക്കാനുള്ള ഒരു നടപടിയും നയപ്രഖ്യാപനത്തിലൂടെ സ്വീകരിച്ചിട്ടില്ല. വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്ന കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്താൻ കഴിഞ്ഞിട്ടില്ല.

കാർഷികോല്പന്നങ്ങളുടെ വിലയിടിവ് നിയന്ത്രിക്കുന്നതിന് ഇടപെടൽ നടത്തുന്നതിനോ സപ്ലൈകോവഴി സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം നൽകാനോ സർക്കാർ തയ്യാറാകുന്നില്ല. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ രക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും തയ്യാറാകണം. 2019-ലെ കേരള സൂക്ഷ്മ-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആക്ടുപ്രകാരം മനുഷ്യ ജീവനും ആരോഗ്യത്തിനും ഹാനികരമാകുന്ന ഓറഞ്ച് കാറ്റഗറിയിൽപ്പെട്ട വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകുന്ന സാഹചര്യം പരിശോധിക്കപ്പെടണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആധുനിക വികസിത കേരളത്തിന്റെ നിർമ്മിതിക്കാണ് ഈ നയപ്രഖ്യാപനത്തിലൂടെ ശ്രമിക്കുന്നത്. കേരളം സവിശേഷമായ സാമ്പത്തിക വളർച്ച കൈവരിച്ച് മുന്നോട്ടുപോകുകയാണ്. സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിൽ നീതി ആയോഗ് കേരളത്തിന് സ്ഥിരമായി മുൻനിര റാങ്ക് നൽകിവരുന്നുവെന്നത് അഭിമാനാർഹമാണ്. കേരളത്തിലെ വികസന പദ്ധതികൾക്ക് അനുമതി നൽകാതിരിക്കുകയും അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്ത് സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാനും ശ്രമിക്കുന്ന കേന്ദ്രസർക്കാർ നികുതി വിഹിതം വെട്ടിക്കുറച്ചും സംസ്ഥാനത്തിന്റെ അധികാരങ്ങൾ

കവർന്നും മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 14 ഇനം അവശ്യസാധനങ്ങൾ വില വർദ്ധിപ്പിക്കാതെതന്നെ വിതരണം ചെയ്തുവരുന്നുണ്ട്. സപ്ലൈകോവഴി സംഭരിക്കുന്ന നെല്ലിന് യഥാസമയം സംഭരണവില നൽകാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. സംസ്ഥാനത്തെ വികസനത്തിന്റെ കൊടുമുടിയിലെത്തിക്കാൻ വിവിധ പദ്ധതികളാവിഷ്കരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിക്കുന്നതും ജാതി/മത/ഭാഷ ഉപയോഗിച്ച് ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള ശ്രമത്തിനെതിരെയും ശക്തമായ മുന്നറിയിപ്പ് നൽകിക്കൊണ്ടുള്ള നയപ്രഖ്യാപനമാണ് ഗവർണർ ഇവിടെ അവതരിപ്പിച്ചത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മാവേലിസ്റ്റോറുകൾ, നീതിസ്റ്റോറുകൾ തുടങ്ങി നിരവധി പൊതുവിതരണശൃംഖലയിലൂടെ സംസ്ഥാനത്തെ വിലനിലവാരം പിടിച്ചുനിർത്താൻ മുൻകയ്യെടുത്ത സർക്കാരിനെ അഭിനന്ദിക്കുന്നു. സർക്കാരിന്റെ വികസനപ്രവർത്തനങ്ങളെ തുരങ്കംവയ്ക്കാൻ ശ്രമിക്കുന്ന

പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീമതി ദെലീമ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തൊഴിൽ, ഉന്നതവിദ്യാഭ്യാസം, സാങ്കേതികരംഗം, സാമൂഹ്യ സുരക്ഷ, കൃഷി, വ്യവസായം, ടൂറിസം, സ്ത്രീശാക്തീകരണം തുടങ്ങി സമസ്ത മേഖലകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് കേരളത്തിന്റെ മുന്നേറ്റത്തിന് ദിശാബോധം പകരുന്നതാണ് ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനം. നൈപുണ്യ വികസനത്തിനായി ഉന്നതവിദ്യാഭ്യാസ മേഖലയെ ഉടച്ചുവാർക്കാനുള്ള തീരുമാനവും വ്യവസായ മേഖലയിൽ ഒരുലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാനായതും അഭിനന്ദനാർഹമാണ്. സ്ത്രീസാക്ഷരതയിലും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും വികസിത രാജ്യങ്ങൾക്കൊപ്പം കേരളം മുന്നേറുകയാണ്. ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, ലിംഗസമത്വം, ആരോഗ്യം, ശുചിത്വം, സാമൂഹ്യ സുരക്ഷ തുടങ്ങി ജീവിത നിലവാരത്തിന്റെ മിക്ക സൂചികകളിലും കേരളം രാജ്യത്തിന് മാതൃകയാണ്. സംസ്ഥാനത്തിനകത്തും പുറത്തും വിദേശത്തും തൊഴിലെടുക്കുന്ന സ്ത്രീകളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ആവശ്യമായ പദ്ധതികളിൽ കൂടുതൽ ശ്രദ്ധയും കരുതലും ഉണ്ടാകണം. സ്ത്രീകളുടെ പുരോഗതിക്കുവേണ്ടി വനിതാ കമ്മീഷൻവഴിയും മറ്റും സർക്കാർ

നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കേരളത്തിന്റെ പശ്ചാത്തല വികസനം വിപുലപ്പെടുത്തുന്ന, ഭാവി വികസനത്തിന്റെ ദിശ നിശ്ചയിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് കടിഞ്ഞാണിടാൻ ശ്രമിക്കുന്ന കേന്ദ്ര നയത്തെ അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. ഷാഫി പറമ്പിൽ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണറും സർക്കാരും തമ്മിലുള്ള തർക്കം പ്രഹസനമാണെന്നത് പ്രതിപക്ഷം നിരവധി തവണ ഉന്നയിച്ച വിഷയമാണ്. കേന്ദ്രസർക്കാരിനെതിരെ നയപ്രഖ്യാപന പ്രസംഗത്തിൽ വിമർശനങ്ങൾ ഉന്നയിക്കാത്ത നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും തരണം ചെയ്ത് ആധുനിക വികസന പരിപാടികളിലൂടെ സംസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിലുൾപ്പെടുത്തിയത് ആശാവഹമാണ്. സംസ്ഥാനത്ത് വൈജ്ഞാനിക സമൂഹം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതി നയപ്രഖ്യാപനത്തിലുള്ളത് സ്വാഗതാർഹമായ കാര്യമാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളെ കണ്ണടച്ച് ഇരുട്ടാക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സമഗ്ര പട്ടയ വിതരണത്തിലൂടെ ഭൂപരിഷ്കരണത്തിൽ വലിയൊരു കുതിച്ചുചാട്ടമുണ്ടാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഉൾപ്പെടെ നിർത്തലാക്കുന്ന കേന്ദ്ര നിലപാടിൽ നിന്നും വ്യത്യസ്തമായി വിവിധ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമുതകുന്ന പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ടൂറിസം മേഖലയിലെ മികച്ച പ്രവർത്തനങ്ങളുടെ ഫലമായി ലോകസഞ്ചാര ഭൂപടത്തിൽ ഇടം നേടാനും വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിലൂടെ പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്താനും ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വർഗ്ഗീയതയോട് വിട്ടുവീഴ്ചയോടെയുള്ള സമീപനമാണ് എല്ലാ കാലത്തും കോൺഗ്രസ് സ്വീകരിക്കുന്നത്. ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ച പോലീസ് സംവിധാനമാണ് സംസ്ഥാനത്തുള്ളത്. അനാവശ്യ വിവാദങ്ങൾ സൃഷ്ടിച്ച് ഗവൺമെന്റിന്റെ പ്രതിച്ഛായ

തകർക്കാനുള്ള വിഫല ശ്രമങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണർമാരെ ഉപയോഗിച്ച് പ്രതിപക്ഷ ഭരണമുള്ള സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളെ അസ്ഥിരപ്പെടുത്താനുള്ള നീക്കങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സർക്കാരിന്റെ നേട്ടങ്ങളെപ്പറ്റിയൊന്നും പരാമർശിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ആശാവഹമല്ല. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നില്ല. കേരളത്തിൽ നിക്ഷേപസൗഹൃദ അന്തരീക്ഷവും തൊഴിലവസരവും സൃഷ്ടിക്കാൻ സാധിക്കാത്തത് ഖേദകരമാണ്. വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിവഴി ചെലവഴിച്ച പണം ബഡ്ജറ്റിലൂടെ കണ്ടെത്തേണ്ട സാഹചര്യം സംജാതമായിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലഘട്ടത്തിനനുസരിച്ച് മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ യുവാക്കൾക്ക് വിദേശരാജ്യങ്ങളിൽ മെച്ചപ്പെട്ട വരുമാനത്തോടെ ജോലി ലഭിക്കാനും വിദേശ വരുമാനത്തിലുണ്ടായ കുറവ് നികത്താനും സാധിക്കുകയുള്ളൂ.

ശ്രീമതി സി. കെ. ആശ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമഗ്രവും സുസ്ഥിരവുമായ വികസനം ഉറപ്പാക്കുന്നതിൽ സർക്കാരിന്റെ പ്രതിബദ്ധത

വ്യക്തമാക്കുന്നതാണ് നയപ്രഖ്യാപനം. കേരളത്തിന്റെ സമസ്ത മേഖലയെയും സ്പർശിച്ചുകൊണ്ടാണ് നയപ്രഖ്യാപനം തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിന്റെ നേട്ടങ്ങൾക്ക് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അവാർഡുകൾ അംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വെട്ടിക്കുറച്ചതും കാർഷികമേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാത്തതും പ്രതിഷേധാർഹമാണ്.

<u>ശ്രീ. എം. എം. മണി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഒന്നാം പിണറായി സർക്കാരിന്റെ ജനക്ഷേമ പരിപാടികളുടെ അംഗീകാരമാണ് ചരിത്രപരമായ രണ്ടാം വിജയം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളും ധനപ്രതിസന്ധിയും അതിനെ നേരിടാനുള്ള മാർഗ്ഗങ്ങളും നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. സംസ്ഥാനത്ത് വിദ്യാഭ്യാസ തൊഴിൽമേഖല പ്രതിസന്ധി നേരിടുകയും ഉന്നതവിദ്യാഭ്യാസ മേഖല അനിശ്ചിതത്വത്തിലുമാണ്. കാർഷിക-മത്സ്യത്തൊഴിലാളി-ആദിവാസി മേഖലകളിലെ തകർച്ചയെ സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പ്രതിപാദിച്ചിട്ടില്ല. സാമൂഹ്യ വിരുദ്ധരെയും ലഹരി-ഗുണ്ടാമാഫിയകളെയും

നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുന്നില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കിക്കൊണ്ട് പിൻവാതിൽ നിയമനം നടത്തുകയാണ് ചെയ്യുന്നത്. ജയിലുകളിൽ ക്രിമിനലുകൾ അഴിഞ്ഞാടുന്ന അവസ്ഥയാണുള്ളത്. റീ-ബിൽഡ് കേരളയ്ക്ക് ലോക ബാങ്ക് അനുവദിച്ചുനൽകിയ തുക വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. ആരോഗ്യമേഖല തകർച്ചയുടെ വക്കിലാണ്. കാർഷിക കടാശ്വാസ കമ്മീഷന് അനുവദിച്ച 400 കോടി രൂപ നൽകുകയോ കർഷക ക്ഷേമനിധി ബോർഡ് മുഖേന വാഗ്ദാനം ചെയ്ത പെൻഷൻ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. സെക്രട്ടേറിയറ്റിൽ പ്രവേശിക്കുന്നതിന് അക്രഡിറ്റേഷനുള്ള മാധ്യമ പ്രതിനിധികൾക്കുപോലും വിലക്കേർപ്പെടുത്തിയ സർക്കാർ മാധ്യമ സ്വാതന്ത്ര്യം ഉറപ്പുവരുത്തുമെന്ന് പറയുന്നത് അപഹാസ്യമാണ്. ദീർഘവീക്ഷണമില്ലാത്ത നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മതനിരപേക്ഷ മൂല്യങ്ങൾ, ഫെഡറൽ സംവിധാനം തുടങ്ങിയ ഭരണഘടനയുടെ ബേസിക് സ്ട്രക്ച്ചർ അസാധാരണമായ വെല്ലുവിളി നേരിടുന്ന ഘട്ടമാണിത്. ഇതിന് നേതൃത്വം കൊടുക്കുന്നവർ ഭരണഘടനാപരമായ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ

വഹിക്കുന്നവരാണ്. ഭാഷാപരവും മതപരവുമായ മേധാവിത്വ പ്രവണതകൾ നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയഘടനയ്ക്ക് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ എതിർപ്പും പ്രതിഷേധവും ഉയർത്താൻ സംസ്ഥാന സർക്കാർ സന്നദ്ധമായിട്ടുണ്ട്. ഫെഡറൽ തത്വങ്ങളെ മാനിക്കാതെയുള്ള കേന്ദ്രസർക്കാരിന്റെ നിയമനിർമ്മാണങ്ങൾക്കെതിരെ പ്രതിഷേധം രേഖപ്പെടുത്തുകയും നിയമപരമായി സാദ്ധ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കോവിഡ് കാലത്തെ അസാധാരണ സാഹചര്യം തരണം ചെയ്യാനും ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിക്കാനുംവേണ്ടിയാണ് കേന്ദ്രാനുമതിയോടുകൂടി അധികവായ്പ എടുത്തത്. 2021-22 കാലയളവിൽ തനത് നികുതി വരുമാനത്തിൽ 22% വർദ്ധനവുണ്ടായിട്ടുണ്ട്. കേരളം കടക്കെണിയിലാണെന്ന കുപ്രചരണങ്ങളാണ് നടത്തുന്നത്. 2016-17 മുതൽ മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ സുദൃഢമായ കാൽവയ്പാണ് നടത്തിയിട്ടുള്ളത്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന കേന്ദ്ര നയങ്ങൾക്ക് സർവ്വാത്മനാ പിന്തുണ നൽകുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സംസ്ഥാനം ധനദൃഢീകരണത്തിന്റെ പാതയിലാണ്. വിപുലവും

വിശാലവുമായ പരിഗണനാ വിഷയങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. ജനതയുടെയും നാടിന്റെയും ഭാവി സുരക്ഷിതമാക്കുകയെന്നതാണ് സർക്കാരിന്റെ മുഖമുദ്ര. സുസ്ഥിര വികസന സൂചികയിൽ ഒന്നാമതെത്താനും പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ തുടർച്ചയായ മൂന്നുവർഷങ്ങളിൽ ഒന്നാംസ്ഥാനം നിലനിർത്താനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ അഴിമതി കുറഞ്ഞതും വർഗ്ഗീയ സംഘർഷങ്ങളില്ലാത്തതും മികച്ച ക്രമസമാധാനമുള്ളതും മാതൃ-ശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞതും മെച്ചപ്പെട്ട സ്കൂൾ വിദ്യാഭ്യാസമുള്ളതും ഭിന്നശേഷി സൗഹൃദവും സ്റ്റാർട്ടപ് ആവാസ വ്യവസ്ഥയുള്ളതും മികച്ച ടൂറിസം ഡെസ്റ്റിനേഷനുള്ളതും വ്യവസായരംഗത്ത് ബെസ്റ്റ് പ്രാക്ടീസ് ഏർപ്പെടുത്തിയതുമായ സംസ്ഥാനമെന്ന നിലയിൽ നിരവധി ദേശീയ-അന്തർദ്ദേശീയ ബഹുമതികൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലന്വേഷകരുടെ എണ്ണം ഗണ്യമായി കുറയ്ക്കാനും വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ കമ്പനികളുടെ പ്രവർത്തനലാഭം ഉയർത്താനും ടേണോവറിൽ 17.8 % വർദ്ധനവുണ്ടാക്കാനും എട്ട് മാസത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാനും സാധിച്ചു. അർഹതപ്പെട്ട വിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി

വെട്ടിക്കുറച്ചും വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനും സംസ്ഥാന സർക്കാരിനെ അട്ടിമറിക്കാനുമുള്ള കേന്ദ്ര നീക്കത്തിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. സംസ്ഥാനത്ത് ക്രമസമാധാന തകർച്ച നിലനിൽക്കുന്നു എന്ന പ്രതീതി സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങളിലെ പ്രതികളെയുൾപ്പെടെ പിടികൂടാനും തെളിവുകൾ കണ്ടെത്തി ശിക്ഷിക്കാനും സാധിച്ചിട്ടുണ്ട്. സർക്കാരിനെതിരെ യാതൊരാക്ഷേപവും പ്രതിപക്ഷത്തിന് ഉയർത്താനില്ല എന്നതിന്റെ സ്ഥിരീകരണമാണ് നയപ്രഖ്യാപന ചർച്ച. കേന്ദ്രഗവൺമെന്റ് വിറ്റഴിക്കാൻ ശ്രമിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ഏറ്റെടുത്ത് അവയെ നിലനിർത്താൻ ശ്രമിക്കുന്നതോടൊപ്പം പ്രത്യേക പൊതുമേഖലാ നയം സർക്കാർ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാത 66-ന്റെ വികസനം, ഇടമൺ-കൊച്ചി പവർ ഹൈവേ എന്നിവ യാഥാർത്ഥ്യമാക്കാൻ സാധിച്ചു. നാടിന്റെ വികസനത്തിനും ക്ഷേമത്തിനുമുതകുന്ന കിഫ്ബി, കേരള ബാങ്ക്, ദേശീയപാത വികസനം, സിൽവർ ലൈൻ തുടങ്ങിയ പദ്ധതികളെയെല്ലാം അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. കേന്ദ്രം കേരളത്തിന് അരിവിഹിതം നിഷേധിച്ചതിനും മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ വില

ഉയർത്തിയതിനുമെതിരെ ശബ്ദമുയർത്താൻ കോൺഗ്രസ്സിന് സാധിച്ചില്ല. വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത്. കേരള സർവ്വകലാശാല എ++ നേടിയതും സർവ്വകലാശാലകളിൽ ചിലത് എ+ നേടിയതും റാങ്കിംഗിൽ രാജ്യത്തെ പ്രധാന സർവ്വകലാശാലകളിൽ കേരളത്തിലെ സർവ്വകലാശാലകൾ ഉന്നത സ്ഥാനത്തെത്തിയതും നിലനിർത്തിക്കൊണ്ടുപോകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഹബ്ബാക്കി കേരളത്തെ മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. കാർഷിക മേഖല 2021-22-ൽ 4.6 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് നൽകാനുള്ള മുഴുവൻ കുടിശ്ശികയും കൊടുത്തുതീർത്തു. കേരളത്തിന്റെ പൊതുവായ പ്രശ്നങ്ങളോടൊപ്പം സഹകരിച്ചു നിൽക്കാൻ പ്രതിപക്ഷം തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച നന്ദിപ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.48-ന് പിരിഞ്ഞു.

*********